# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** | **17.12.2015 - ൽ**
**ചോദ്യം നമ്പർ: 3721** | **മറുപടിയ്ക്ക്**

## പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

(എ) പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിന് 8000 ൽ അധികം വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ഉൾപ്പെടെ 1500 കോടി രൂപയുടെ ആസ്തി നിലവിലുണ്ടെങ്കിലും സ്റ്റാഫുകളുടെ അഭാവവും അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയും, മറ്റു പോരായ്മകളും നിമിത്തം പ്രതിവർഷം ഏകദേശം 80 കോടി രൂപയുടെ നഷ്ടം നേരിടുന്നതിനാൽ പ്രസ്തുത പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു സമിതിയെ നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)

(എ) പോലീസ് വാഹനങ്ങളും യൂണിറ്റ് വർക്ക് ഷോപ്പുകളും യന്ത്രസാമഗ്രികളും ശരിയായ പരിചരണം ഇല്ലാതെ നഷ്ടം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെ പറയുന്ന ഉദ്യോഗസ്ഥരെയും 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | എസ്പി (എംറ്റി) | 2 |
| 2 | ഡിവൈഎസ്പി (എംറ്റി) | 5 |
| 3 | മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 7 |
| 4 | മോട്ടോർ ട്രാൻസ്പോർട്ട് എസ്ഐ | 7 |
| 5 | ഡ്രൈവർ എസ്ഐ | 30 |

മേൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് പോലീസ് വകുപ്പിലെ വാഹനങ്ങൾ പരിപാലിച്ച് പോകുന്നത്. പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി എംഎസ്പി റേഞ്ച് വർക്ക് ഷോപ്പ് തിരുവനന്തപുരം എസ്എപി ക്യാമ്പസിലുള്ള സെൻട്രൽ പോലീസ് വർക്ക് ഷോപ്പുകളും പ്രവർത്തിക്കുന്നു. കൂടാതെ, പുതിയ തലമുറയിൽപ്പെട്ട ഡിപ്പാർട്ട്മെന്റ് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ അംഗീകൃത ഡീലർ വർക്ക് ഷോപ്പുകളിൽ ചെയ്തുവരുന്നുണ്ട്. ഇക്കാര്യങ്ങൾ പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ